# രാഷ്ട്രപതിയുടെ നോർവെ സന്ദർശനം ഒക്ടോബർ 13-14

ഒക്ടോബർ 8, 2014

ഇന്ത്യയുടെ രാഷ്ട്രപതി ശ്രീ പ്രണബ് മുഖർജി , ഔദ്യോഗികമായി നോർവെ സന്ദർശിക്കും. ഒക്ടോബർ 13 മുതൽ 14 , 2014 വരെയാണ് സന്ദർശനം . ആദരണീയനായ നോർവെ രാജാവ് , ഹെറാൾഡ് അഞ്ചാമന്റെ ക്ഷണം സ്വീകരിച്ചാണ് സന്ദർശനം.

സന്ദർശനത്തോട് അനുബന്ധിച്ച് രാഷ്ട്രപതി , ആദരണീയനായ നോർവെ രാജാവ് , ഹെറാൾഡ് അഞ്ചാമൻ, രാജകീയ കുടുംബാംഗങ്ങൾ ആദരണീയയായ രാജ്ഞി സോൻജ , കിരീടാവകാശി ആദരണീയനായ ഹാക്കോൺ രാജകുമാരന്, കിരീടാവകാശി ആദരണീയയായ മെറ്റെ -മാരിറ്റ് രാജകുമാരി എന്നിവരുമായി കൂടിക്കാഴ്ചകൾ നടത്തും. പ്രധാനമന്ത്രി ശ്രീമതി എർണ സോള്ബെർഗ് , സ്റ്റോർറ്റിംഗ് (പാർലമെന്റ് ) പ്രസിഡണ്ട് ശ്രീ ഓലേമിക് തോമ്മെസൻ എന്നിവരുമായും രാഷ്ട്രപതി കൂടിക്കാഴ്ച നടത്തും.

ഇന്ത്യയും നോർവെയും വളരെ ഊഷ്മളമായ സൌഹൃദബന്ധം ആണ് പുലർത്തുന്നത് . ഇന്ത്യയിൽ നിന്നുള്ള ആദ്യത്തെ ഏറ്റവും ഉന്നത തല ഔദ്യോഗിക സന്ദർശനം ഇന്ത്യയും നോർവെയും തമ്മില് ഉള്ള സൌഹൃദ ബന്ധവും സഹകരണവും കൂടുതൽ ശക്തിപ്പെടുത്തും
.

ഒരു മന്ത്രി, പാർലമെന്റ് അംഗങ്ങള്, ഉന്നത ഉദ്യോഗസ്ഥർ, നമ്മുടെ വിദ്യാഭ്യാസ & ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ

ഉയർന്ന പ്രതിനിധികള്, ശാസ്ത്ര പ്രതിനിധികള് ,
വ്യാപാരരംഗത്തുള്ള പ്രതിനിധികൾ എന്നിവര്
രാഷ്ട്രപതിയെ അനുഗമിക്കും

ന്യൂഡെൽഹി
ഒക്ടോബർ 8, 2014